# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2792** **12.03.2018-ൽ മറുപടിയ്ക്ക്**

## മണൽ വാരൽ മൂലം മത്സ്യലഭ്യതയിൽ കുറവ്

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വ്യാപകമായ തോതിലുള്ള മണൽവാരൽ മൂലം കക്ക, കല്ലുമ്മക്കായ, മുരു, മത്സ്യങ്ങൾ എന്നിവയുടെ ലഭ്യതയ്ക്ക് ഉണ്ടായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) അനിയന്ത്രിതമായ ഇത്തരം പ്രവർത്തനം നിയന്ത്രിക്കാനും ഉൾനാടൻ മത്സ്യ സമ്പത്തിൽ വർദ്ധനവ് ഉണ്ടാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | ബി) ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മണൽ വാരൽ നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ 2001 ൽ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമവും (2001 ലെ 18-ാം നമ്പർ നിയമം) പാസ്സാക്കി നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യങ്ങളെയും മറ്റു ജലജീവികളെയും ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ 2010-ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് (2010 ലെ 15-ാം നമ്പർ ആക്ട്) പാസ്സാക്കി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ "കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഇൻലാന്റ് ഫിഷറീസ്" എന്ന പദ്ധതിയിലുൾപ്പെടുത്തി അനധികൃത മത്സ്യബന്ധനം തടയുന്നതിനായി കായൽ പട്രോളിംഗ്, സംരക്ഷിത മേഖലയിൽ മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കൽ ഉൾനാടൻ പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ വാണിജ്യ പ്രാധാന്യമുളള മത്സ്യങ്ങളുടെ ചൂഷണം ഉൾനാടൻ ജലാശയങ്ങളിൽ കുറയ്ക്കുന്നതിനായി അത്തരം മത്സ്യങ്ങളെ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ |

സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ഫിഷറീസ് വകുപ്പ് വഴി നൽകി വരുന്നതിനോടൊപ്പം തന്നെ ഇത്തരം മത്സ്യങ്ങളുടെ വംശവർദ്ധനവ് ഉൾനാടൻ ജലാശയങ്ങളിലുണ്ടാക്കുന്നതിനായി ഹാച്ചറികളിൽ ഉൽപ്പാദിപ്പിച്ച ഗുണമേന്മയുള്ള മത്സ്യവിത്തിനങ്ങൾ ആണ് പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്.

**സെക്ഷൻ ആഫീസർ**